"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പാലക്കാട് ജില്ല - കാരാക്കുറിശ്ശി ഗ്രാമപഞ്ചായത്ത്- 2005-06 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.2, 3.3, 3.4 പ്രകാരം SGRY കൺവീനർമാർക്ക് അധികനിരക്കിൽ ധാന്യം അനുവദിച്ചതിന് ചെലവഴിച്ച 2,10,273/-രൂപയുടെ ചെലവിന് സാധൂകരണം നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (എബി) വകുപ്പ്**

സ.ഉ.(സാധാ) നം.637/2025/LSGD തീയതി,തിരുവനന്തപുരം, 07-03-2025

---

പരാമർശം:-
1. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 21.03.2024-ലെ LSGD/PD/12000/2024-AM3 നമ്പർ കത്ത്.
2. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 08.01.2025-ലെ ഡി.കെ.എസ്.എ.1687/പി.റ്റി.2/2024 നമ്പർ കത്ത്.

**ഉത്തരവ്**

കാരാക്കുറിശ്ശി ഗ്രാമപഞ്ചായത്തിൽ എസ്.ജി.ആർ.വൈ പദ്ധതി പ്രകാരം നടപ്പിലാക്കിയ അരപ്പാറ സ്കൂൾ റോഡ്, ചുള്ളിമുണ്ട റോഡ് പുനരുദ്ധാരണം, സ്രാമ്പിക്കൽ കോളനി റോഡ് എന്നീ പ്രവർത്തികൾക്ക് കൺവീനർമാർക്ക് അധിക നിരക്കിൽ ധാന്യം അനുവദിച്ചത് സംബന്ധിച്ച് അധികമായി ചെലവഴിച്ച 2,10,273/- രൂപ (1,34,490 + 59,630 + 16,153) കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2005-06 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-2, 3-3, 3-4 പ്രകാരം തടസ്സപ്പെടുത്തിയിരുന്നു.

2. കേന്ദ്രാവിഷ്കൃത പദ്ധതിയായിരുന്ന SGRY പ്രകാരമാണ് ഓഡിറ്റ് പരാമർശത്തിൽ പ്രതിപാദിച്ചിരുന്ന പ്രവൃത്തികൾ ചെയ്തതെന്നും ആയത് ഗുണമേന്മയോടെ ജനങ്ങൾക്ക് ഗുണപ്രദമായി ഇന്നും നിലനിൽക്കുന്നുവെന്നും ഭരണസമിതി വിലയിരുത്തുകയും SGRY പ്രവൃത്തി ചെയ്തതിൽ ഓഡിറ്റ് തടസ്സം നിലനിൽക്കുന്ന പരാമർശങ്ങൾ തീർപ്പാക്കുന്നതിന് സർക്കാർ സാധൂകരണം ആവശ്യമാണ് എന്ന് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് അറിയിച്ചിട്ടുണ്ടെന്നും സമാന സ്വഭാവമുള്ള മറ്റ് പഞ്ചായത്തുകളിലെ ഓഡിറ്റ് നിരീക്ഷണങ്ങൾക്ക് സർക്കാർ സാധൂകരണം നൽകിയിട്ടുണ്ടെന്നുമുള്ള സെക്രട്ടറിയുടെ വിശദീകരണം പരിഗണിച്ച് മേൽ ഖണ്ഡികകൾക്ക് സാധുകരണം നൽകുന്നതിന് സർക്കാരിനോട് അപേക്ഷിക്കുന്നതിന് ഗ്രാമപഞ്ചായത്ത് കമ്മിറ്റിയും ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് സമിതിയും തീരുമാനിച്ചിട്ടുള്ളതാണെന്നും, സാധുകരണത്തിനുള്ള ഗ്രാമപഞ്ചായത്തിന്റെ അപേക്ഷ, പഞ്ചായത്ത് കമ്മിറ്റി തീരുമാനം, ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് സമിതി തീരുമാനം, ബന്ധപ്പെട്ട ഓഡിറ്റ് പരാമർശത്തിന്റെ പകർപ്പ് എന്നിവ സഹിതം അനുകൂല ശിപാർശയോടെയാണ് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (1) പ്രകാരം അപേക്ഷ ലഭ്യമാക്കിയിട്ടുള്ളത്.

3. കാരാക്കുറിശ്ശി ഗ്രാമപഞ്ചായത്തിന്റെ 2005-06 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക

3-2, 3-3, 3-4 എന്നിവയിലെ പരാമർശ പ്രകാരം പൂർത്തിയാക്കിയ പ്രവൃത്തികൾ ജനങ്ങൾക്ക് ഗുണപ്രദമായിരുന്നുവെന്ന ഭരണ സമിതിയുടെ തീരുമാനം, ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് സമിതിയുടെ ശുപാർശ എന്നിവ പരിഗണിച്ച് 2,10,273/- രൂപയുടെ നഷ്ടം ഉണ്ടായിട്ടുള്ള കാര്യത്തിലും സാധൂകരണം നൽകുന്നതിന് ഓഡിറ്റ് വകുപ്പിന് എതിരഭിപ്രായമില്ല എന്നും സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ പരാമർശം (2) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

4. സർക്കാർ മേൽ വസ്തുതകൾ വിശദമായി പരിശോധിച്ചു. ഗ്രാമപഞ്ചായത്തിന്റെ ഭരണ സമിതി തീരുമാനം, പാലക്കാട് ജില്ലാതല ഓഡിറ്റ് മോണിറ്ററിങ് സമിതി തീരുമാനം, തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ എന്നിവരുടെ അനുകൂല ശിപാർശകളുടെ അടിസ്ഥാനത്തിലും, പൂർത്തിയാക്കിയ പ്രവൃത്തികൾ ജനങ്ങൾക്ക് ഗുണപ്രദമായിരുന്നുവെന്നത് പരിഗണിച്ചും, മേലിൽ ഇത്തരം അപാകതകൾ ആവർത്തിക്കരുതെന്ന് കർശന നിർദ്ദേശത്തോടെ പാലക്കാട് ജില്ലയിലെ കാരാക്കുറിശ്ശി ഗ്രാമപഞ്ചായത്തിന്റെ 2005-06 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-2, 3-3, 3-4 എന്നിവ പ്രകാരം ഓഡിറ്റിൽ തടസ്സപ്പെടുത്തിയ 2,10,273/- (രണ്ടു ലക്ഷത്തി പതിനായിരത്തി ഇരുന്നൂറ്റി എഴുപത്തിമൂന്ന് രൂപ മാത്രം) രൂപയുടെ ചെലവിന് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
GANGA G R
അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വായംഭരണ വകുപ്പ്, പാലക്കാട്.
സെക്രട്ടറി, കാരാക്കുറിശ്ശി ഗ്രാമ പഞ്ചായത്ത്, പാലക്കാട്.
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) തിരുവനന്തപുരം.
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി)
വെബ് & ന്യൂ മീഡിയ, വിവര പൊതുജനസമ്പർക്കവകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Jyothish M S
Date: 07-03-2025 16:49:07
സെക്ഷൻ ഓഫീസർ